വൃദ്ധരും അവശരുമായവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

13 (*133) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ടു നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സൗജന്യ ഭക്ഷണം അത്യന്താപേക്ഷിതമായ വൃദ്ധരുടെയും, രോഗാവസ്ഥയാൽ തൊഴിലെടുക്കാനാവാതെയായ വ്യക്തികളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇത്തരക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനായി പൊതുവിതരണ സംവിധാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യം സാമൂഹ്യസുരക്ഷാവിഭാഗം മുഖേന വൃദ്ധരും, അവശരുമായവർക്ക് ഉപയോഗപ്പെടുത്താനാവുമോ എന്നകാര്യം ഭക്ഷ്യ വകുപ്പുമായി ചേർന്ന് ആലോചിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ടു നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യനീതി വകുപ്പിൽ നിലവിൽ പ്രത്യേക പദ്ധതികളില്ല എന്നാൽ അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരുപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപെടുകയും ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'വിശപ്പുരഹിത നഗരം' പദ്ധതി കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലെ തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പാക്കി വരുന്നു. വൃദ്ധരും അവശരും അനാഥരും വികലാംഗരുമായിട്ടുള്ള സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് സൗജന്യമായി താമസവും, ഭക്ഷണവും, വസ്ത്രവും, മരുന്നും നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 71 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവര ശേഖരണം നടത്തിയിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല. എന്നാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ള യാതൊരു പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത വൃദ്ധരും അശരണരും ആയ ജനങ്ങളെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യനിരക്കിൽ പ്രതിമാസം 10 കിലോ അരി റേഷൻ ആയി ഭക്ഷ്യ പൊതുവിതരണ വകുപ്പ് നൽകുന്നു.

വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണ പദ്ധതി

14 (*134) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ രീതിയെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പ്രസ്തുത രീതിക്ക് യോജിച്ച വിധമുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വികേന്ദ്രീകൃത മാലിന്യസംസ്കരണം ലക്ഷ്യമിട്ട് സി.പി.ഐ.(എം.) സംഘടിപ്പിക്കുന്ന ശുചിത്വകേരളം പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയപ്പാർട്ടിയുടെ ജനകീയ പദ്ധതി കൂടി കോർത്തിണക്കി ഇത് ഒരു വൻ ക്യാമ്പയിനായി മാറ്റാൻ മുൻകയ്യെടുക്കുമോയെന്ന് വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പരിസ്ഥിതി സൗഹൃദമായ മാർഗ്ഗം. ആയത് പരിഗണിച്ച് കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലേക്കായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നോഡൽ ഏജൻസിയായ ശുചിത്വ മിഷൻവഴി അനുമതി നൽകി ഉറവിട മാലിന്യസംസ്കരണരീതി ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly